പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3272 — 23.3.2015-ൽ മറുപടിക്ക്

## മലിനജല സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>" എ.പി.അബ്ദുള്ളക്കുട്ടി<br>" ബെന്നി ബെഹനാൻ<br>" കെ.ശിവദാസൻ നായർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

(എ) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(എ) & (ബി) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ സ്വിവറേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് കേരള സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി (JNNURM, ADB) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ സ്വിവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ സ്വിവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള പണികൾ KSUDPയുടെ ഭാഗമായി നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ KSUDP യുടെ പ്രോജക്റ്റിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ കൂട്ടത്തിൽ തന്നെ സെപ്റ്റേജും സംസ്കരിക്കുന്ന നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്. ഇതിൽ ആദ്യത്തെ പ്ലാന്റ് തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പ്ലാന്റിൽ തിരുവനന്തപുരം ജില്ലയിലെ സെപ്റ്റേജ് കൂടി സംസ്ക്കരണത്തിനുള്ള നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്. ഇതുകൂടാതെ എറണാകുളം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള Stand Alone Septage Treatment Plant സ്ഥാപിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. ഇതിൽ എറണാകുളത്ത് ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന STP യുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ചെറുപട്ടണങ്ങളുടെ കാര്യത്തിൽ ചാലക്കുടി നഗരസഭയുടെ നേതൃത്വത്തിൽ KSUDP യുടെ നേതൃത്വത്തിൽ സ്വിവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കാനായി നടപടി എടുത്തുവെങ്കിലും ദ്രവമാലിന്യസംസ്കണ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ ജനങ്ങളുടെ ഭാഗത്തുനിന്നുള്ള എതിർപ്പ് കാരണത്താൽ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല.

| | | | |
|---|---|---|---|
| സി) | എങ്കിൽ ഏതു പദ്ധതിയുടെ ഭാഗമായാണ് മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശി ക്കുന്നത്; | (സി) | കേരള സുസ്ഥിര നഗരവികസന പദ്ധതി (KSUDP). |
| ഡി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്ക് സഹായം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ഡി) | ADB, JNNURM എന്നീ ഏജൻസികളാണ് സഹായം നൽകുന്നത്. |
| ഇ) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | (ഇ) | തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലാണ് നിലവിലുള്ള ഭാഗിക സംവിധാനങ്ങൾ നവീകരിച്ച് ആധുനിക രീതിയിലുള്ള സിവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കാനായി നടപടി എടുത്തിട്ടുള്ളത്. തിരുവനന്തപുരത്ത് മുട്ടത്തറയിൽ പണി പൂർത്തി യാക്കിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സെപ്റ്റേജ് കൂടി സംസ്ക്കരിക്കാനാണ് നടപടി എടുത്തിട്ടുളളത്. എറണാകുളം ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തി യായി വരുന്നു. ശേഷിക്കുന്ന ജില്ലകളായ പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ (കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി) എന്നീ സ്ഥലങ്ങളിൽ സെപ്റ്റേജ് മാത്രം സംസ്ക്കരിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കാ നാണ് നടപടി എടുത്ത് വരുന്നത്. ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാകുന്നതിന് 5 ജില്ലകളിൽ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 4 സ്ഥല ങ്ങളിൽ കോട്ടയം (വൈക്കം), ആലപ്പുഴ, കണ്ണൂർ, വയനാട് (കൽപ്പറ്റ) എന്നിവിടങ്ങളിൽ ബന്ധപ്പെട്ട മുനിസ്സിപ്പാലിറ്റികളുടെ സ്ഥലം ഉപയോഗപ്പെടു ത്താനാണ് നടപടി കൈക്കൊണ്ടിട്ടുളളത്. |

സെക്ഷൻ ഓഫീസർ